# ബോധവൽക്കരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുന്നില്ല

സമുദായ പ്രതിബദ്ധതയുള്ള മഹത്തുക്കൾ കഠിനാധ്വാനം ചെയ്തുണ്ടാക്കിയ സംവിധാനങ്ങൾ പരമാവധി ഉപയോഗപ്പെടുത്തുക എന്നതാണ് ഫലപ്രദമായ മാർഗം

**കെ.എം അബ്ദുർറഹ്മാൻ കടമ്പോട്ട്**

**മദ്റസകളിലെ** നിലവിലെ സ്ഥിതി ഒട്ടും തൃപ്തികരമല്ല. ഒരു 'വലിയ' ഹാൾ സ്ക്രീനുകൾ വച്ച് മറച്ച ക്ലാസ്റൂം. അധ്യാപകർ ക്ലാസെടുക്കുന്നത് പരസ്പരം നന്നായി കേൾക്കാം. അധ്യാപകന് ദൗത്യം ഭംഗിയായി നിർവഹിക്കാനോ കുട്ടികൾക്ക് വേണ്ട രീതിയിൽ പാഠങ്ങൾ ഗ്രഹിക്കാനോ കഴിയാത്ത സാഹചര്യം.

അശാസ്ത്രീയമായ സിലബസ്, സുശിക്ഷിതരല്ലാത്ത അധ്യാപകർ, പ്രായഭേദമന്യേയുള്ള സിലബസിന്റെ ഭാരം, സമയ പരിമിതി, അധ്യാപകരുടെ അസ്ഥിരത, മാനേജ്മെന്റിന്റെ അശ്രദ്ധ-കുട്ടികൾ അവരുടെ വിലപ്പെട്ട സമയം ചെലവഴിക്കുന്നത് ഈ അന്തരീക്ഷത്തിലാണ്. ഇവിടെ നിന്നും എന്തെങ്കിലും ഗ്രഹിക്കാൻ വിദ്യാർഥിക്കും ഗ്രഹിപ്പിക്കാൻ അധ്യാപകനും കഴിയുന്നു എങ്കിൽ അത് ഇരു കൂട്ടരുടെയും അതിസാമർഥ്യം എന്നു വേണം കരുതാൻ.

ഇപ്രകാരം'തല്ലിപ്പഴുപ്പിച്ച' വിദ്യാർഥികൾ സ്കൂളാകുന്ന രണ്ടാം കലാലയത്തിലേക്ക് കാലെടുത്തുവെക്കുന്നതുതന്നെ തളർന്ന മാനസികാവസ്ഥയിലാണ്. രാവിലെ 7.00 മുതൽ 9.00 വരെ ബെഞ്ചിനും ഡെസ്കിനുമിടയിൽ ഇരുന്ന കുട്ടി വീണ്ടും മണിക്കൂറിന്റെ ഇടപോലുമില്ലാതെ, കൂടുതൽ സങ്കീർണവും ഗഹനവുമായ ഒരു പഠനത്തിന് നിർബന്ധിക്കപ്പെടുകയാണ്.

സ്വാഭാവികമായും മുസ്ലിം കുട്ടികൾ ക്ലാസുകളിൽ പ്രശ്നക്കാരായി മാറുന്നു. അവർക്ക് ക്ലാസ് ശ്രദ്ധിക്കാൻ കഴിയാതെ വരുന്നു. അവർ 'പാഠ്യേതര വിഷയങ്ങളിൽ' തൽപരരാവുകയും ഇത് അധ്യാപകർക്ക് പ്രശ്നമാവുകയും ചെയ്യും. ഇത്തരം വിദ്യാർഥികൾ 'ഡ്രോപ്ഔട്ട്' ആവുകയോ 'ജസ്റ്റ് പാസ്സി'ൽ കടന്നുകയറുകയോ ചെയ്യുന്നു. ഇപ്പറഞ്ഞതിന് അപവാദങ്ങൾ ഉണ്ടാകാം. എന്നാൽ ഭൂരിപക്ഷത്തിന്റെയും സ്ഥിതി മറിച്ചല്ല. വഹിക്കാൻ കഴിയാത്ത ഭാരം ചുമലിലേറ്റിയാൽ ഉണ്ടാകാവുന്ന ഭവിഷ്യത്ത് മാത്രമാണിത്.

മുസ്ലിം പിന്നാക്കാവസ്ഥക്ക് അടിസ്ഥാന കാരണങ്ങളിലൊന്ന് മദ്റസാ വിദ്യാഭ്യാസത്തിന്റെ അശാസ്ത്രീയതയാണ് എന്നും മദ്റസകളിൽ സ്കൂൾ വിഷയങ്ങൾക്ക് കൂടി അവസരം നൽകി സിലബസ് പരിഷ്കരിച്ച് പഠന സാഹചര്യം ഉണ്ടാക്കിയാൽ പിന്നാക്കാവസ്ഥക്ക് പരിഹാരം കാണാം എന്നും നിരീക്ഷിക്കപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ്, കേന്ദ്ര ഗവൺമെന്റ് മദ്റസാ വിദ്യാഭ്യാസ നവീകരണ പരിപാടി കൊണ്ടുവന്നത്. എന്നാൽ സമുദായത്തിന്റെ മദ്റസാ ഭരണകർത്താക്കൾക്ക് ഇനിയും ഇതിന്റെ ആവശ്യകത ബോധ്യമായിട്ടില്ല. കെട്ടിടവും മറ്റു ഭൗതിക സാഹചര്യങ്ങളും തൃപ്തികരമാകുക എന്നതു തന്നെയാണ് ഇതിലെ പ്രഥമ പരിഗണന.

ഇക്കാര്യങ്ങളിലൊക്കെ മതിയായ പ്രായോഗിക നിർദേശങ്ങൾ നൽകാൻ പ്രാപ്തിയുള്ള സ്ഥാപനമാണ് 'സെന്റർ ഫോർ ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ഇന്ത്യ' എന്ന പേരിലറിയപ്പെടുന്ന സിജി. ഉപരിപഠന മേഖലകളെയും തൊഴിലവസരങ്ങളെയും കുറിച്ച് നേരിട്ടും തപാൽ, ഇ-മെയിൽ, ഫോൺ വഴിയും സൗജന്യ മാർഗനിർദേശങ്ങൾ സിജി നൽകി വരുന്നു. കരിയർ കൗൺസിലിങ്, അഭിരുചി പരീക്ഷകൾ, മനഃശാസ്ത്ര കൗൺസിലിങ്, വിദ്യാഭ്യാസ സർവേകൾ, വ്യക്തിത്വ വികസന പരിശീലനങ്ങൾ, പരിശീലകർക്ക് പരിശീലന കളരികൾ, രക്ഷിതാക്കൾക്ക് മാർഗനിർദേശങ്ങൾ, വിദ്യാർഥികൾക്ക് മാർഗനിർദേശ ക്ലാസുകൾ, അധ്യാപകർക്ക് പരിശീലനങ്ങൾ, സാമൂഹിക പ്രവർത്തകർക്കുള്ള നേതൃത്വ പരിശീലന കളരികൾ, കരിയർ എക്സിബിഷനുകൾ, കൂടാതെ പുതുതായി ഓർഫനേജ്, മഹല്ല് പ്രൊജക്റ്റുകൾ വരെ സംവിധാനിച്ചിരിക്കുന്നു. സിജിയെ അടുത്തറിയുകയും ഫലപ്രദമായി ഉപയോഗപ്പെടുത്തുകയും ചെയ്ത വിദ്യാഭ്യാസ സ്ഥാപനങ്ങളും മഹല്ലുകളും കേരളത്തിൽ ഏറെയാണ്. ഇന്ന് ഗൾഫ് നാടുകളിലും അതിന്റെ പ്രവർത്തനമുണ്ട്. എന്നാൽ ആർക്കുവേണ്ടിയാണോ ഈ സ്ഥാപനം ഉണ്ടാക്കിയത്, അവരല്ല അതിന്റെ ഇപ്പോഴത്തെ ഗുണഭോക്താക്കൾ എന്നതാണ് ഖേദകരം. അവരിപ്പോഴും അറച്ചുനിൽക്കുകയാണ്. 'തിന്നുകയുമില്ല തീറ്റുകയുമില്ല' എന്നു പറഞ്ഞതുപോലെ മഹല്ല്/മദ്റസാ സംവിധാനങ്ങളുടെ തലപ്പത്ത് കയറിക്കൂടി സമുദായ വളർച്ചക്ക് നിദാനമായ ഇത്തരം സംവിധാനങ്ങളെ ഉപയോഗപ്പെടുത്തുന്നതിനു പകരം അകറ്റി നിർത്തുകയാണ് ഇവർ ചെയ്യുന്നത്. സമുദായ പ്രതിബദ്ധതയുള്ള മഹത്തുക്കൾ കഠിനാധ്വാനം ചെയ്തുണ്ടാക്കിയ ഇത്തരം സംവിധാനങ്ങൾ പരമാവധി ഉപയോഗപ്പെടുത്തുക എന്നതാണ് ഫലപ്രദമായ മാർഗം. ■